**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1993** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുള്ള ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവാകുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 726 **എ.ഐ** ക്യാമറകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും മറ്റുമായി 232,25,50,286/- രൂപ ചെലവ് വരുന്നതാണ്. |
| (ബി) | എ.ഐ ക്യാമറകൾ സ്ഥാപിക്കുന്ന വകയിൽ ഇതുവരെ എത്ര തുക വിവിധ ഏജൻസികൾക്ക് നൽകിയെന്ന് വിശദമാക്കാമോ; | (ബി) | നാളിതുവരെ നൽകിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് എത്ര എ.ഐ ക്യാമറകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്; ഇവ സ്ഥാപിച്ചതിലൂടെ എത്ര നിയമലംഘനങ്ങൾ 2023 ജൂലൈ 31 വരെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; ഇതുവഴി എത്ര തുക പിഴയായി ഈടാക്കായിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് 726 എ.ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2023 ജൂലൈ 31 വരെ നിയമലംഘനങ്ങൾക്ക് 3,23,604 ചെലാൻ തയ്യാറാക്കുകയും, 3,37,19000/- രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്. |
| (ഡി) | എ.ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; വേഗപരിധി ബോദ്ധ്യപ്പെടുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | റോഡിൽ സ്ഥാപിച്ചിട്ടുള്ള എ.ഐ ക്യാമറകൾ വേഗപരിധി ലംഘിക്കുന്ന കുറ്റകൃത്യം കണ്ടെത്തുന്നില്ല . ആയതിനാൽ ഇത്തരം ക്യാമറകൾ ഉള്ളയിടത്ത് പ്രത്യേക വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ നിലവിൽ സ്ഥാപിച്ചിട്ടില്ല. |
| (ഇ) | വാഹനങ്ങളുടെ വേഗപരിധി നിശ്ചയിച്ചിട്ടുള്ളത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഇ) | റോഡുകളുടെ വികസനവും ട്രാഫിക് നിയന്ത്രണങ്ങളുടെ ആധുനികവൽക്കരണവും കണക്കിലെടുത്താണ് 23/06/2023-ൽ G.O.(P)No.15/2023/Trans പ്രകാരം വേഗപരിധി പുനഃനിശ്ചയിച്ചത്. |

സെക്ഷൻ ഓഫീസർ